**C 24729-B** (Pages : 2) Name..................................

Reg. No..................................

# SECOND SEMESTER B.Sc. (L.R.P.)/B.M.M.C. DEGREE EXAMINATION APRIL 2017

Common Course—Malayalam

MAL 2A 02 (2)—മലയാള ഭാഷയും സാഹിത്യവും—II

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക. ഓരോന്നിനും ½ മാർക്ക് വീതം :

1 വൈക്കം മുഹമ്മദ് ബഷീർ രചിച്ച നാടകമേത് ?

2 'നാല്ക്കവല'യെന്ന നാടകത്തിൽ പോലീസുകാരന്റെ ഘാതകനാരാണ് ?

3 'തിക്കോടിയൻ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരനാര് ?

4 ഉറൂബിന് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതിയേത് ?

5 ടി. പത്മനാഭന്റെ ആദ്യത്തെ കഥയേത് ?

6 'നീർമാതളം പൂത്തകാലം' എന്ന കൃതിയിൽ പരാമർശിച്ചിട്ടുള്ള കാലുവിന്റെ യഥാർത്ഥ പേരെന്താണ് ?

7 ചെറുകാടിന്റെ ആത്മകഥയുടെ പേരെന്താണ് ?

8 മലയാളത്തിലെ ആദ്യത്തെ ചെറുകഥയേത് ?

9 'ശേഷം' എന്ന കഥയുടെ കർത്താവാര് ?

10 അഭിജ്ഞാന ശാകുന്തളം, 'മലയാള ശാകുന്തളം' എന്ന പേരിൽ മലയാളത്തിലേക്ക് ആദ്യമായി വിവർത്തനം ചെയ്തതാര് ?

(10 × ½ = 5 marks)

II. എല്ലാ ചോദ്യത്തിനും ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്കു വീതം :

11 'മാനുഷം' എന്നാലെന്ത് ?

12 ടി. പത്മനാഭൻ നോവലെഴുതാൻ വൈമുഖ്യം കാട്ടുന്നതെന്തുകൊണ്ട് ?

13 "ശെരിയാ നമ്പ്യാരേ . . . ദാരിദ്ര്യം മാറാവ്യാധിയൊന്നുമല്ല". . . ഇങ്ങനെ പറയുവാൻ ഉണ്ടായ സാഹചര്യമെന്ത് ?

14 "ആ കൊച്ചു തൊമ്മനെ വാചകം ഏകാന്തതയുടെ മരുഭൂമിയാകെ നനച്ചു. എന്നിട്ടും ഞരങ്ങാ തിരിയ്ക്കാൻ കഴിഞ്ഞില്ല"—ആശയം വ്യക്തമാക്കുക.

15 മജീദിനെ കണക്കു സാർ ബഞ്ചിൽ കയറ്റി നിർത്തിയതെന്തിനാണ് ?

(5 × 2 = 10 marks)

**Turn over**

III. ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്കു വീതം :

16 ജീവചരിത്രം ആത്മകഥയിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുന്നതെങ്ങനെയാണ് ?

17 കേളപ്പജിയെ നാടക രചനയ്ക്ക് പ്രേരിപ്പിച്ച ഘടകമെന്ത് ?

18 സുഹ്റയ്ക്ക് ഭർത്തൃഗൃഹത്തിലനുഭവിക്കേണ്ടിവന്ന ദുരിതങ്ങളെന്തെല്ലാമാണ് ?

19 'ആ പ്രതിജ്ഞയുടെ പരിശുദ്ധി നാം കാത്തു സൂക്ഷിക്കണം'—സന്ദർഭവും ആശയവും വ്യക്തമാക്കുക.

20 'നമ്മുടെ ആങ്ങള ചത്തതിനുശേഷം സുഖം തോന്നിയതു നിങ്ങളെ കണ്ടപ്പോഴാണ്'—സൂചിതമെന്ത് ?

21 ടി. പത്മനാഭൻ തന്റെ കഥാരചനയ്ക്കാവശ്യമായ കഥാബീജം സ്വീകരിക്കുന്നതെങ്ങനെയെല്ലാമാണ് ?

22 ക്രിസ്മസ് കാലത്ത് എല്ലാ വർഷവും മുടങ്ങാതെ കാലു ചൈനാടൗൺ സന്ദർശിക്കുന്നതെന്തിനു വേണ്ടിയാണ് ?

(5 × 5 = 25 marks)

IV. ഏതെങ്കിലും **നാലു** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 10 മാർക്കു വീതം :

23 'ബാല്യകാലസഖി' ജീവിതത്തിൽനിന്നും വലിച്ചു ചീന്തിയ ഓരേടാണ്. വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു'—എം.പി. പോളിന്റെ ഈ നിരീക്ഷണത്തിന്റെ സാധുത പരിശോധിക്കുക.

24 'വാസ്കോഡഗാമ തിരിച്ചു പോകുന്നു' എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

25 ചെറുകാട് തന്റെ ആത്മകഥയിൽ ഡോ. കെ.എൻ. എഴുത്തച്ഛനെ പരിചയപ്പെടുത്തുന്നതെങ്ങനെയെന്ന് വിശദമാക്കുക.

26 കഥാനായകന് രാച്ചിയമ്മയോട് ആദരവു തോന്നാൻ ഇടയാക്കിയ സംഭവ വികാസങ്ങൾ ഏവ ?

27 'നാല്ക്കവല' എന്ന നാടകം ചർച്ച ചെയ്യുന്ന മുഖ്യ സാമൂഹ്യപ്രശ്നങ്ങൾ എന്തെല്ലാമാണ് ?

28 തിക്കോടിയൻ തന്റെ ഗ്രാമത്തേയും പരിസര പ്രദേശത്തേയും അടയാളപ്പെടുത്തുന്നതെങ്ങനെയെന്ന് വിശദമാക്കുക.

(4 × 10 = 40 marks)